# കേരള സർക്കാർ


**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**


| ഡിസംബർ<br>DECEMBER | 20 |
|---|---|



## ശബരിമല പത്രക്കുറിപ്പ്


ഫോൺ : 04735-202664

www.sabarimala.kerala.gov.in

prdsabarimala2021@gmail.com


## അപ്പം, അരവണ: വരവ് 27 കോടി കടന്നു

ഈ മണ്ഡലകാലം അവസാനിക്കാൻ ദിവസങ്ങൾ അവശേഷിക്കേ അപ്പം, അരവണ പ്രസാദങ്ങളിൽ നിന്നായി 27 കോടിയിലധികം രൂപയുടെ വരുമാനമു ായതായി ശബരിമല ക്ഷേത്രം എക്സിക്യുട്ടിവ് ഓഫീസർ വി. കൃഷ്ണകുമാര വാരിയർ അറിയിച്ചു. അപ്പം, അരവണ വിതരണം കാര്യക്ഷമമായി നടക്കുന്നു ്. അപ്പം പാക്കിങ്ങിന് ജീവനക്കാരുടെ ക്ഷാമമു ായിരുന്നെങ്കിലും കൂടുതൽ ജീവനക്കാരെ ഉൾപ്പെടുത്തി അത് പൂർണമായും പരിഹരിച്ചിട്ടു ്. മണ്ഡലകാലം അവസാനിക്കാറായതോടെ കൂടുതൽ അയ്യപ്പൻമാർ ദർശനത്തിനായി സന്നിധാനത്തെത്തുന്നു ്. പ്രതിദിന തീർഥാടകരുടെ എണ്ണത്തിൽ ഇളവ്

വരുത്തിയതിനാൽ വരും ദിവസങ്ങളിൽ ദർശനത്തിനെത്തുന്ന അയ്യപ്പൻമാരുടെ എണ്ണത്തിൽ വർധനയു   ാകും. അതുകൊ   ുതന്നെ അപ്പം, അരവണ വില്പന ഇനിയും കൂടുമെന്നാണ് കണക്കുകൂട്ടൽ.

**നേരിട്ടുള്ള നെയ്യഭിഷേകം തുടങ്ങി**

ശബരിമലയിൽ കഴിഞ്ഞ തീർത്ഥാടനകാലം മുതൽ നിർത്തിവച്ചിരുന്ന നേരിട്ടുള്ള നെയ്യഭിഷേകം പുനരാരംഭിച്ചു. ഗണപതിഹോമത്തിന് ശേഷമാണ് നെയ്യഭിഷേക ചടങ്ങ് സന്നിധാനത്ത് തുടങ്ങിയത്. ഇതരസംസ്ഥാനങ്ങളിൽ നിന്ന് ഉൾപ്പടെ നിരവധി ഭക്തർ നെയ്യഭിഷേക ചടങ്ങിന് എത്തിയിരുന്നു. 11 വരെ നെയ്യഭിഷേകം നടത്താൻ ഭക്തർക്ക് അവസരം ലഭിച്ചു. കോവിഡ് മാനദണ്ഡമനുസരിച്ചാണ് നേരിട്ടുള്ള നെയ്യഭിഷേകത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരുന്നത്. നിയന്ത്രണം നീക്കിയതോടെ കൂടുതൽ അയ്യപ്പൻമാർ ശബരിമലയിൽ തങ്ങാനും നേരിട്ടുള്ള നെയ്യഭിഷേകത്തിനുള്ള അവസരം ഉപയോഗിക്കാനും തുടങ്ങി. അഭിഷേകം ചെയ്ത നെയ്യ് വാങ്ങുന്നതിനുള്ള കൗ   റുകൾ തുടർന്നും പ്രവർത്തിക്കും.

## തങ്കയങ്കി ഘോഷയാത്ര നാളെ പുറപ്പെടും

മണ്ഡല പൂജയ്ക്ക് അയ്യപ്പന് ചാർത്താനുള്ള തങ്ക അങ്കി വഹിച്ചുകൊ   ുള്ള ഘോഷയാത്ര നാളെ (ഡിസം.22) രാവിലെ ആറൻമുള പാർഥസാരഥി ക്ഷേത്രത്തിൽ നിന്ന് പുറപ്പെടും.  22ന് രാവിലെ അഞ്ചു മുതൽ ഏഴുവരെ ആറന്മുള ക്ഷേത്രാങ്കണത്തിൽ തങ്ക അങ്കി ദർശിക്കാൻ ഭക്തർക്ക് അവസരമു   ്. തിരുവിതാംകൂർ മഹാരാജാവ് ശബരിമല അയ്യപ്പസ്വാമിക്ക് മണ്ഡല പൂജയ്ക്ക് ചാർത്താനായി നടയ്ക്കു വച്ചതാണ് തങ്ക അങ്കി. 22 ന് തങ്ക അങ്കി ഘോഷയാത്രയെ ആറൻമുള ക്ഷേത്രത്തിൽ നിന്ന് ആചാരപൂർവം യാത്രയാക്കാൻ  തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപനും, ദേവസ്വം ബോർഡ് അംഗങ്ങളായ അഡ്വ. മനോജ് ചരളേലും പി.എം. തങ്കപ്പനും ദേവസ്വം കമ്മീഷണറും ആറൻമുള ക്ഷേത്രത്തിൽ എത്തും.

25 ന് ഉച്ചയോടെയാണ്  തങ്ക അങ്കി ഘോഷയാത്ര പമ്പയിലെത്തുക.  വൈകുന്നേരം മൂന്നിന് പമ്പയിൽ നിന്ന് തിരിക്കുന്ന തങ്ക അങ്കി ഘോഷയാത്രയ്ക്ക് വൈകുന്നേരം അഞ്ചിന് ശരംകുത്തിയിൽ വച്ച് ആചാരപ്രകാരമുള്ള സ്വീകരണം നൽകും. ശബരിമല ക്ഷേത്രത്തിൽ നിന്നും തന്ത്രി പൂജിച്ചു നൽകിയ പ്രത്യേക

പുഷ്പഹാരങ്ങൾ അണിഞ്ഞെത്തുന്ന ദേവസ്വം ബോർഡ് ജീവനക്കാരും മറ്റ് വകുപ്പുകളുടെ പ്രതിനിധികളും അടങ്ങുന്ന സംഘമാണ് തങ്ക അങ്കിയെ ആചാരപൂർവം സ്വീകരിച്ച് സന്നിധാനത്തേക്ക് ആനയിക്കുക. ഘോഷയാത്ര പതിനെട്ടാംപടി കയറി വരുമ്പോൾ കൊടിമരത്തിനു മുന്നിലായി ദേവസ്വം ബോർഡ് പ്രസിഡന്റും അംഗങ്ങളും ചേർന്ന് തങ്ക അങ്കിയെ സ്വീകരിക്കും. സോപാനത്ത് തന്ത്രിയും മേൽശാന്തിയും ചേർന്ന് തങ്ക അങ്കി ഏറ്റുവാങ്ങി അയ്യപ്പ വിഗ്രഹത്തിൽ ചാർത്തി 6.30ന് ദീപാരാധന നടത്തും. ഡിസംബർ 26ന് ഉച്ചക്ക് 11.50നും 1.15 നും മദ്ധ്യേയുള്ള മുഹൂർത്തത്തിലാണ് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ.

## ശബരിമലയിലെ നാളത്തെ (21.12.2021) ചടങ്ങുകൾ

പുലർച്ചെ 3.30 ന് പള്ളി ഉണർത്തൽ
4 മണിക്ക്.... തിരുനട തുറക്കൽ
4.05 ന്..... പതിവ് അഭിഷേകം
4.15 മുതൽ 7 മണി വരെ നെയ്യഭിഷേകം
4.30 ന് ...ഗണപതി ഹോമം
7.30 ന് ഉഷപൂജ
7.45 മുതൽ 9 മണിവരെ ഉദയാസ്തമയ പൂജ
9 മുതൽ 11 മണി വരെ നെയ്യഭിഷേകം തുടരും
11.30 ന് കലശാഭിഷേകം

തുടർന്ന് കളഭാഭിഷേകം
12 .15 ന് ഉച്ചപൂജ
1 മണിക്ക് നട അടയ്ക്കൽ
4 മണിക്ക് ക്ഷേത്രനട തുറക്കും
6.30 ....ദീപാരാധന
6.45 ന്.....പടിപൂജ
7.30 ന് പുഷ്പാഭിഷേകം
9 മണിക്ക് ....അത്താഴപൂജ
9.50 ന്   ഹരിവരാസനം സങ്കീർത്തനം പാടി 10 മണിക്ക്   ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം...
കേൾക്കാം...
വായിക്കാം...
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.